


## വിചിന്തനം

ഏപ്രിൽ 2022

‘‘സിംഹാസനത്തിലിരിക്കുന്നവൻ പറഞ്ഞു: ഇതാ, സകലവും ഞാൻ നവീകരിക്കുന്നു. അവൻ വീണ്ടും പറഞ്ഞു: എഴുതുക. ഈ വചനങ്ങൾ വിശ്വാസയോഗ്യവും സത്യവുമാണ്. പിന്നെ അവൻ എന്നോടു പറഞ്ഞു: സംഭവിച്ചുകഴിഞ്ഞു. ഞാൻ ആൽഫയും ഒമേഗയുമാണ് ആദിയും അന്തവും. ദാഹിക്കുന്നവനു ജീവജലത്തിന്റെ ഉറവയിൽ നിന്നു സൗജന്യമായി ഞാൻ കൊടുക്കും. വിജയം വരിക്കുന്നവന് ഇവയെല്ലാം അവകാശമായി ലഭിക്കും. ഞാൻ അവനു ദൈവവും അവൻ എനിക്കു മകനുമായിരിക്കും’’ (വെളിപാട് 21, 5-7).

യുക്രെയ്നിലെ യുദ്ധക്കെടുതികളിൽ ലോകം മുഴുവൻ വേദനിക്കുന്ന പശ്ചാത്തലത്തിലാണ് ഇക്കുറി നോമ്പുകാലമെത്തുന്നത്. നിസ്സഹായരായ ലക്ഷക്കണക്കിനു പേർ ആക്രമണത്തിന് ഇരയാകുന്നു. വീടുവിട്ട് ഓടേണ്ടിവന്നവർ, പഠനമുപേക്ഷിക്കേണ്ടിവന്നവർ, ജോലിസ്ഥലത്തുനിന്ന് പലായനം ചെയ്തവർ... ഇതിനകംതന്നെ അപകടാവസ്ഥയിലായ നമ്മുടെ പരിസ്ഥിതിക്കും ഈ യുദ്ധം ഏൽപിക്കുന്ന ആഘാതമെത്ര! യുദ്ധങ്ങൾ പിറക്കുന്നത് തിൻമ ഭരണം നടത്തുന്ന ഹൃദയങ്ങളിലാണ്. കാറ്റുവിതച്ച് കൊടുങ്കാറ്റ് കൊയ്യുന്നതിൽ അവർ ആനന്ദിക്കുന്നു (ഹോസി 8,7). അനുരഞ്ജനത്തിനും സമാധാനത്തിനും വേണ്ടി അടിയന്തിരമായി എല്ലാവരും  ഒരുമിച്ചുനിൽക്കേണ്ട സമയത്ത് ലോകം വീണ്ടും വിഭജിക്കപ്പെടുകയാണ്. അതിരുകളില്ലാതെ പടരുന്ന ഒരുവേദന മനുഷ്യകുലത്തെ മൊത്തത്തിൽ ഗ്രസിക്കുന്നു. എങ്കിലും കലുഷിതമായ ഈ നാളുകളിലും നമ്മെ പ്രത്യാശയുടെയും സമാധാനത്തിന്റെയും ഒത്തൊരുമയുടെയും തുറമുഖത്തേക്ക് നയിക്കുകയാണ് നോമ്പ്, ഉയിർപ്പുകാലങ്ങൾ.

ആരാധനക്രമമനുസരിച്ച് ഏറ്റവും വിശുദ്ധമായ ഈ കാലത്ത് സഭ തന്റെ വിശ്വാസത്തിന്റെ ഉറവുചാലുകളിലേക്കു നയിക്കപ്പെടുകയാണ്. ദൈവം തന്റെ പുത്രനായ ക്രിസ്തുവിനെ ലോകത്തിനു നൽകിയതുവഴി രൂപംകൊണ്ട നവീനവും സനാതനവുമായ ഉടമ്പടിയാണ് ക്രിസ്തീയതയുടെ കേന്ദ്രം. ലോകത്തിലേക്കുവന്ന ദൈവത്തിന്റെ കുഞ്ഞാട് പൂർണമായ സ്നേഹവും അനുസരണവും ലോകത്തിനു കാണിച്ചുകൊടുത്തു. സഹനങ്ങളിലൂടെ അവൻ സ്വയം പരിപൂർണനാക്കി. ഒടുവിൽ മനുഷ്യ പാപങ്ങൾക്കു പരിഹാരമായി ദൈവത്തെ പ്രീതിപ്പെടുത്താൻ അവൻ തന്നെത്തന്നെ വിട്ടുനൽകി. മരിച്ചവരിൽനിന്ന് ക്രിസ്തുവിനെ ഉയർപ്പിച്ച പിതാവ് അവനിലുള്ള തന്റെ സംപ്രീതി വെളിപ്പെടുത്തുക മാത്രമല്ല, മറിച്ച് അവനെ ‘‘ജനതകളുടെ പ്രകാശമായി’’ ഉയർത്തുകകൂടിയാണു ചെയ്തത് ( ലുമെൻ ജെൻഷ്യം). സ്വന്തം രക്തംനൽകി ലോകത്തെ വീണ്ടെടുത്ത ഉത്ഥിതനായ ക്രിസ്തുവിനെ ദൈവം നമ്മുടെ സമാധാനത്തിന്റെ ഉറവിടമായി സ്ഥാപിച്ചിരിക്കുന്നു. മനുഷ്യകുല ചരിത്രത്തിന്റെയും യാത്രയുടെയും അന്തരാർഥങ്ങൾ വെളിവാക്കാൻ യോഗ്യതയും കഴിവും കുഞ്ഞാടിനുമാത്രമാണുള്ളത്. കാരണം, അവൻ ആൽഫയും ഒമേഗയുമാണ്. ആയിരിക്കുന്നവനും ആയിരുന്നവനും ഇനി വരാനിരിക്കുന്നവനും അവനാണ്.

ഉത്ഥിതനായ ക്രിസ്തു മനുഷ്യജീവിതത്തിന്റെ എല്ലായിടങ്ങളിലും സന്നിഹിതനാണ്. മനുഷ്യന്റെയും അവന്റെ ചുറ്റുപാടുകളുടെയും സഹനങ്ങളിൽ പ്രത്യേകമാംവിധം ക്രിസ്തുവിന്റെ സാന്നിധ്യമുണ്ട്. മനുഷ്യനോടുള്ള ക്രിസ്തുവിന്റെ സാമിപ്യം ദൃശ്യമാകുന്നതും അനുഭവവേദ്യമാകുന്നതും സഭയ്ക്ക് ഓരോ വ്യക്തിയോടുമുള്ള സാമിപ്യത്തിലൂടെയാണ്. മനുഷ്യഗണവുമായി അത്രയും ഇഴുകിച്ചേർന്നിരിക്കുന്നതിനാൽ ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയും മനുഷ്യരനുഭവിക്കുന്ന എല്ലാസഹനങ്ങളും അനുഭവിച്ചേമതിയാകൂ. യഥാർഥത്തിൽ സഭ സഹിക്കുകയും ക്രിസ്തുവിന്റെ പീഡകളെ പൂർണമാക്കുകയുമാണു ചെയ്യുന്നത്. ( കൊളോ 1, 24)

ഉത്ഥിതനായ ക്രിസ്തുവാണ് രക്ഷയുടെ ഉറവിടം. മുറിവേറ്റതും തകർന്നതുമായ ലോകത്തിനുള്ള പ്രതീക്ഷയും അവൻ തന്നെ. വിനീതമായ ഹൃദയത്തോടും യഥാർഥമായ വിശ്വാസത്തോടും ശരണത്തോടുംകൂടെ രക്ഷയുടെ ഈ നീർച്ചാലിനെ സമീപിക്കുന്നയാളുടെ ഹൃദയത്തിലേക്ക് പരിശുദ്ധാത്മാവാകുന്ന ജീവജലം ഒഴുകിയെത്തും. (യോഹ 7). വിശ്വാസിയുടെ ഹൃദയത്തിലേക്ക് വർഷിക്കപ്പെടുന്ന സ്നേഹത്തിന്റെ ഈ ആത്മാവാണ് ‘ആബാ പിതാവേ’ എന്നു ദൈവത്തെ വിളിക്കാൻ ക്രൈസ്തവരെ ശക്തിപ്പെടുത്തുന്നത്.

പശ്ചാത്താപവും അനുരഞ്ജനവും സമാധാനത്തിനുള്ള യഥാർഥമായ ആഗ്രഹവും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്. തകർന്ന ലോകത്തെ നവീകരിക്കുന്നതിനും വീണ്ടും പണിതുയർത്തുന്നതിനും വഴിതുറക്കുന്നത് യഥാർഥത്തിൽ പരിശുദ്ധാത്മാവാണ്. ക്രിസ്തു വാഗ്ദാനം ചെയ്യുന്ന ദൈവരാജ്യത്തിലെ പുതിയ ജീവിതത്തിന്റെ കാതൽ സ്നേഹവും ക്ഷമയുമാണെന്നോർക്കാം. അതിനാൽ മറ്റുള്ളവരെ കേൾക്കാനും കരുതാനും സമൂഹത്തിൽ സാഹോദര്യം വളർത്താനും ശ്രമിക്കുന്നവർക്കായാണ് ദൈവത്തിന്റെ രാജ്യം സജ്ജമാക്കപ്പെടുക. യേശു വെളിപ്പെടുത്തിത്തന്ന ആബാ പിതാവിന്റെ പിതൃത്വത്തിൽനിന്നാണ് ദൈവരാജ്യത്തിന്റെ മക്കൾ തമ്മിലുള്ള സുദൃഢബന്ധം ഉടലെടുക്കുന്നത്. തന്റെ കരുണയുടെ ആലിംഗനത്തിൽനിന്ന് ദൈവം ആരെയും മാറ്റിനിർത്തുന്നില്ല. സ്നേഹത്തിന്റെ സന്ദേശം ഒരുവൻ സ്വതന്ത്രമായും സത്യസന്ധമായും തന്റെ ഹൃദയത്തിൽ സ്വീകരിക്കുന്നുണ്ടോ എന്നതാണ് ദൈവം ഉറ്റുനോക്കുന്നത്.

സ്നേഹിക്കാത്തവരെയും സ്നേഹിക്കപ്പെടാത്തവരെയും; പാപികളെയും ബലഹീനരെയും; നീതി നിറഞ്ഞ ഒരു പുതിയലോകം തേടുന്നവരെയുമെല്ലാം തന്റെ പുത്രനിലൂടെയും പരിശുദ്ധാത്മാവിലൂടെയും സ്വയം നൽകി ദൈവം സ്നേഹിക്കുന്നു. അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും വിജയകഥകൾ എന്നും സഹനത്തിന്റെ ഉലയിൽ രൂപപ്പെട്ടവയാണ്. ഓരോരുത്തരും തങ്ങളുടെ സ്വാർഥതയ്ക്കും ലാഭേച്ഛയ്ക്കുമനുസരിച്ച് നിഷ്കളങ്കരെയും ബലഹീനരെയും പീഡിപ്പിച്ചത് അംഗീകരിക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. ചരിത്രത്തിൽ കുടിയിരിക്കുന്ന അഗാധമായ വേദനകൾ മൂലം ഇന്നും കരയുന്ന ലോകത്തെ കൂടുതൽ ശ്രദ്ധയോടെ കേൾക്കാനുള്ള വിളിയാണ്  നോമ്പും ഉയിർപ്പും നമ്മുടെ മുന്നിൽ വയ്ക്കുന്നത്.

ഈ പശ്ചാത്തലത്തിൽ നോമ്പിനെ നാം എങ്ങനെയാണ്  ആത്മീയ ഒരുക്കത്തിനുള്ള സമയമാക്കി മാറ്റുന്നത് ? ഉത്ഥിതനുമായുള്ള ആത്മീയ സംഗമമാണ് ഉയിർപ്പുതിരുനാളെങ്കിൽ നോമ്പ് അതിനുമുന്നോടിയായുള്ള ആത്മീയ പ്രണയകാലമാണ്. ക്രിസ്തുവിനെപ്പോലെ തകർക്കപ്പെടാനും ഒടുവിൽ അവനെപ്പോലെ വിജയികളാകാനും ദൈവത്തിന്റെ മകനും മകളുമാകാനും നമുക്ക് എങ്ങനെ സ്നേഹത്തിൽ നമ്മെത്തന്നെ വിട്ടുകൊടുക്കാൻ കഴിയും? ഉപവാസവും ത്യാഗവും വഴി, ദാനധർമങ്ങളും ആരാധനയും വഴി, പ്രാർഥനയും വിശ്വാസവും വഴി സമാധാനം സ്ഥാപിക്കാനും പ്രതീക്ഷ പകരാനും സാഹോദര്യം വളർത്താനും അങ്ങനെ തകർന്ന ലോകത്തെ വിളക്കിച്ചേർക്കാനും നമുക്ക് ശ്രമിക്കാം.

റൈറ്റ് റവ. ഡോ. ജയിംസ് ആനാപറമ്പിൽ
ആലപ്പുഴ രൂപതാ മെത്രാൻ